ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേകിച്ച് വാഹന സൗകര്യം, ആവശ്യമായ മരുന്ന്, സൗജന്യ സേവനം എന്നിവ സർക്കാർ ചെയ്തുകൊടുക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ആണ് ഈ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഏക ഏജൻസി.

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മൃഗസംരക്ഷണ സെന്ററുകൾ മുഖേന കൃഷിക്കാർക്ക് ആവശ്യമായ എല്ലാ സഹായവും എത്തിച്ചു കൊടുക്കുന്നു. ഇതിന് പുറമേ സഞ്ചരിക്കുന്ന ബീജധാനകേന്ദ്രങ്ങൾ സംസ്ഥാന വ്യാപകമായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. 10 കേന്ദ്രങ്ങൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

11 (*10) അബ്കാരി ഗോഡൗണുകളിൽ റെയ്ഡ് നടത്തുന്നതിന് പ്രത്യേക പോലീസ് സേന

ഡോ.കെ.സി. ജോസഫ് :
ശ്രീ.ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി.ജോർജ് :
ശ്രീ. ടി.എസ്. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരി ഗോഡൗണുകളിൽ റെയ്ഡ് നടത്തുന്നതിന് പ്രത്യേക പോലീസ്സേന രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പോലീസ് നടത്തിയ റെയ്ഡുകൾ എത്രമാത്രം ഫലപ്രദം ആണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) റെയ്ഡുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) അബ്കാരി മേഖലയിലെ സ്വകാര്യ ഗുണ്ടാ സംഘങ്ങൾ സൃഷ്ടിക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) പ്രത്യേക പോലീസ് സേനയുടെ അന്വേഷണ പരിധിയിൽ ഇത്തരം സംഘങ്ങളുടെ പ്രവർത്തനം കൂടി ഉൾപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) പ്രത്യേക പോലീസ്സേന രൂപീകരിച്ചിട്ടില്ല. എന്നാൽ അബ്കാരി നിയമലംഘനങ്ങൾ കർശനമായി തടയുന്നതിനും അബ്കാരി

---

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് നിയമങ്ങൾ ശരിയായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനും എല്ലാ പോലീസ് ജില്ലകളിലും പ്രത്യേക അബ്കാരി മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ട് പ്രവർത്തിച്ചുവരുന്നു.

(ബി,സി) വ്യാജമദ്യം ഉണ്ടാക്കുകയോ വിതരണം നടത്തുകയോ കടത്തുകയോ ചെയ്യാനിടയുള്ള സ്ഥലങ്ങളിലും പരിസരങ്ങളിലും പോലീസ് നിരന്തരമായ റെയ്ഡുകൾ നടത്തി കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അബ്കാരി ലൈസൻസ് നിയമങ്ങൾ ശരിയായ രീതിയിൽ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയും ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുകൊണ്ടും ഫലപ്രദമായ രീതിയിൽ പോലീസ് പ്രവർത്തിച്ചു വരുന്നു. റെയ്ഡുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തപ്പെടുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി,എഫ്) ഇത്തരത്തിലുള്ള ഗുണ്ടാസംഘങ്ങളുടെ അക്രമ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം കർശനമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഘങ്ങൾക്കെതിരെ ജാഗ്രതപുലർത്താനും പരാതി ലഭിക്കുന്നതിനനുസരിച്ച് അടിയന്തിരനടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

12 (*11) ഗ്രാമീണ ഹൃദ്രോഗപ്രതിരോധ കേന്ദ്രങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ. കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ടി.കെ.ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഹൃദ്രോഗ നിവാരണ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഗ്രാമീണ ഹൃദ്രോഗ പ്രതിരോധ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഗ്രാമീണ ഹൃദ്രോഗ പ്രതിരോധ കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവ ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കേന്ദ്രങ്ങളിൽ ഏതെല്ലാം ചികിത്സാ സൗകര്യങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ-സി) ഗ്രാമീണ ഹൃദ്രോഗ പ്രതിരോധ കേന്ദ്രങ്ങൾ നിലവിലില്ല. എന്നാൽ ലോകാരോഗ്യ സംഘടനയുടെ സഹായത്തോടു കൂടി ദേശീയ ഹൃദ്രോഗ നിവാരണ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly